LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുറവിലങ്ങാട് താലൂക്കാശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച സർക്കാർ ഫയൽ നം. 13344/എം.1/2013/ ആ.കു.വ. ആണ്. മേൽ ഫയലിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടാണ് 221/എം1/16/H&FWD. ടി റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ (13344/എം1/2013) അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ധനകാര്യവകുപ്പിന് നൽകിയപ്പോൾ പ്രസ്തുത വകുപ്പ് ചില അധികവിവരങ്ങൾ ആരാഞ്ഞു. ടി അധികവിവരങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയെങ്കിലും (221/എം1/16) പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആരോഗ്യവകുപ്പ് ഡയറക്ടർ പൂർണ്ണമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി

46 (2320) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയുടെ ഉടമസ്ഥതയിലുള്ള 110 ഏക്കറിൽ ആശുപത്രിയുടെ ആവശ്യത്തിലധികമുള്ള സ്ഥലത്ത് ആരോഗ്യ മേഖലയിലെ പ്രധാനപ്പെട്ട ഏതെങ്കിലും വികസന പദ്ധതി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് സംസ്ഥാനത്തിനാകെ മുതൽക്കൂട്ടാവുന്ന തരത്തിൽ ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതടക്കമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ "Institute for Human Resource Development in Health Sector"-ന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ രണ്ടാംഘട്ടനിർമ്മാണ പ്രവർത്തനങ്ങളുടെ (2nd Phase) ഭരണാനുമതി G.O.(Rt)No.4032/2015/ H&FWD തീയതി 18-12-2015 പ്രകാരം അഞ്ച് കോടി രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ നിലവിലില്ല.

(ബി) പി.ഡബ്ല്യു.ഡി. മുഖേന ഫൗണ്ടേഷൻ/പില്ലർ വർക്കുകൾ നടന്നുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും ചൂഷണം

47 (2321) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെയും ലാബുകളുടെയും പ്രവർത്തനം നിയന്ത്രിക്കുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ, മറ്റു ജീവനക്കാർ എന്നിവരുടെ യോഗ്യത, പ്രായം എന്നിവ പരിശോധിക്കുന്നതിനും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പി.എൻ.ഡി.റ്റി. നിയമപ്രകാരവും സേഫ് കേരള പരിപാടി വഴിയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിലും സ്കാനിംഗ് സെന്ററുകളിലും പരിശോധന നടത്തി പോരായ്മകൾ കണ്ടെത്തിയാൽ പി.എൻ.ഡി.റ്റി. നിയമപ്രകാരവും പൊതുജനാരോഗ്യ നിയമപ്രകാരവും നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യുന്നുണ്ട്. ഓരോ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ തീരുമാനപ്രകാരം നടത്തുന്ന പരിശോധനകൾക്ക് പുറമെ സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരം സേഫ് കേരള പരിപാടിയുടെ ഭാഗമായി 2015-ൽ 27-2-2015,

LIBRARY ARCHIVES Kerala Legislative Assembly